നമ്പർ 45/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതി യംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ 2008 സെപ്റ്റംബർ 11 -ാം തീയതി പാമ്പാക്കുടയിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മേൽപട്ടസ്ഥാനത്തേയ്ക്ക് ഏഴുപേരെ തെരഞ്ഞെടുക്കുകയും, പ്രസ്തുത തെരഞ്ഞെടുപ്പ് 2008 സെപ്റ്റംബർ മാസം 22-ാം തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയും ചെയ്തിരുന്ന വിവരം നമ്മുടെ ഒക്ടോബർ മാസം 10 -ാം തീയതിയിലെ 327/2008 -ാം നമ്പർ കല്പനയിലൂടെ നാം നിങ്ങളെ അറിയിച്ചിരുന്നുവല്ലോ. തെരഞ്ഞെടുക്കപ്പെട്ടവരെ 2009 ഫെബ്രുവരി 19 -ാം തീയതി പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിൽ വെച്ച് മേൽപ്പട്ടക്കാരായി വാഴിക്കണമെന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസും, അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയും നമ്മോട് ശുപാർശ ചെയ്യുകയുണ്ടായി. ആയത് യോഗ്യമാണെന്ന് ദൈവാത്മാവിൽ നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആകയാൽ മേൽപ്പട്ടസ്ഥാനാഭിഷേക ശുശ്രൂഷ 2009 ഫെബ്രുവരി 19-ാം തീയതി വ്യാഴാഴ്ച പ. സഭയുടെ അതിപുരാതനവും, ശ്രേഷ്ഠവും, വിശുദ്ധവും, പൗരസ്ത്യ തീർത്ഥാടന കേന്ദ്രമെന്ന് നാം പ്രഖ്യാപിച്ചിട്ടുള്ളതുമായ പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രസ്തുത സ്ഥാനാഭിഷേക ശുശ്രൂഷ നിർവ്വഹിക്കുന്നതിനുള്ള പരിശുദ്ധാത്മ നൽവരത്തിനായി നമുക്കുവേണ്ടിയും, എപ്പിസ്കോപ്പായ്ക്കടുത്ത കൃപാവരങ്ങളുടെ സ്വീകരണത്തിനായി അഭിനവ എപ്പിസ്കോപ്പാമാർക്കുവേണ്ടിയും നിങ്ങൾ കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. പ. സഭയുടെ ആത്മീക നവോത്ഥാനത്തിന് ഈ ശുശ്രൂഷയും, നവാഭിഷിക്തരാകുന്ന മേൽപ്പട്ടക്കാരും മുഖാന്തിരങ്ങളാകട്ടെ എന്ന് നമുക്ക് പ്രാർത്ഥനാപൂർവ്വം പ്രത്യാശിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 ഫെബ്രുവരി മാസം 2 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.